## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1834** **15/07/2016-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സംരക്ഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. പി. അനിൽകുമാർ<br>" വി. പി. സജീന്ദ്രൻ<br>" ഐ.സി. ബാലകൃഷ്ണൻ<br>" വി. ഡി. സതീശൻ : | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനാഥരായ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കി നടപ്പാക്കിയത് ; വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സംരക്ഷിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം മുതൽ പട്ടികവർഗ്ഗ വികസനവകുപ്പ് 'കൈത്താങ്ങ്' പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |
| (ബി) | ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത് ; വിശദീകരിക്കുമോ ; | (ബി) | മാതാപിതാക്കളുടെ ആശ്രയമില്ലാത്ത പട്ടിക വർഗ്ഗകുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്ന വർക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനും, അത്തരം അഗതികളായ കുട്ടികളെ സംരക്ഷിക്കുന്ന പ്രവൃത്തി പ്രോത്സാഹിപ്പി ക്കുകയുമാണ് കൈത്താങ്ങ് എന്ന പദ്ധതിയിലൂടെ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും മാതാപിതാക്കൾ മരിച്ചതോ ഉപേക്ഷിച്ചതോ അല്ലെങ്കിൽ മാതാപിതാക്കളിലൊരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾക്ക് മനോരോഗം, തളർവാതം, കാൻസർ, റ്റി.ബി. തുടങ്ങിയ രോഗങ്ങളിലേ തെങ്കിലും പിടിപെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ കുട്ടികൾ 'കൈത്താങ്ങ്' പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ടി കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നയാൾക്ക്, ടി കുട്ടിയ്ക്ക് 18 വയസ് തികയുന്നതുവരെയോ അല്ലെങ്കിൽ കുട്ടി |

| | | | |
|---|---|---|---|
| | | | വളർന്ന് സ്വയംതൊഴിൽ തേടുന്നതുവരെയോ പ്രതിമാസം 1,000/- രൂപ നിരക്കിൽ വ്യവസ്ഥ കളില്ലാതെ രക്ഷിതാവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കി വരുന്നു. |
| **(സി)** | ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ; വിശദാംശങ്ങൾ നല്കുമോ? | **(സി)** | അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷി ക്കുന്നതിനായി 'കൈത്താങ്ങ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നിശ്ചിത നിബന്ധന കളുൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ ജില്ലാതലത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ മുഖേന കണ്ടെത്തി അർഹതപ്പെട്ട ആനുകൂല്യം. ഐ.ടി.ഡി. പ്രോജക്ടാഫീസ്/ പട്ടികവർഗ്ഗ വികസന ആഫീസ് മുഖേന വിതരണം നടത്തുന്നതിനും ടി വിദ്യാർത്ഥികളുടെ ക്ഷേമവും, വിദ്യാഭ്യാസപരവുമായ പുരോഗതി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ